എം. റ്റി. യു. പി. എസ്
അലയമൺ

# അക്കാദമിക് മാസ്റ്റർ പ്ലാൻ
2025 - 2026

# വിദ്യാധാര

# ആമുഖം

കൊല്ലം ജില്ലയുടെ കിഴക്കുഭാഗത്ത് അലയമൺ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ കണ്ണങ്കോട് എന്ന പ്രദേശത്ത് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നു. ഭൂരിഭാഗം ആളുകളും സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരായിരുന്നു. ഇവരെ വിദ്യാഭ്യാസപരമായി മുന്നോട്ടുകൊണ്ടുവരുക എന്ന ഉദ്ദേശ്യത്തോടു കൂടി 1957-ൽ ഈ വിദ്യാലയം ആരംഭിച്ചു. ഈ സ്കൂളിന് സ്വന്തമായി രണ്ട് ഏക്കർ വസ്തുവും 3 കെട്ടിടങ്ങളും കളിസ്ഥലവുമുണ്ട്.

ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പല മേഖലകളിലായി പ്രശസ്തസേവനം അനുഷ്ഠിച്ചുവരുന്നു. കഴിഞ്ഞ കാലങ്ങളിലെ സേവനംകൊണ്ട് ഈ പ്രദേശത്തിന്റെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. അധ്യാപകർ, പി.റ്റി.എ, ഡിപ്പാർട്ട്മെന്റ് , എസ്.എസ്.എ യുടേയും ത്രിതല പഞ്ചായത്തുകളുടേയും കൂട്ടായ പരിശ്രമത്തിലൂടെ സ്കൂളിന് കൂടുതൽ വിജയം നേടാൻ കഴിയും എന്നു പ്രതീക്ഷിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | അലയമൺ എം.റ്റി.യു.പി.എസ് |
| മേൽവിലാസം | : | കരുകോൺ പി.ഒ. 691306, കൊല്ലം ജില്ല |
| ഫോൺ നമ്പർ | : | 0475 - 2277892 |
| സ്കൂൾ കോഡ് | : | 40348 |
| വിദ്യാഭ്യാസ ഉപജില്ല | : | അഞ്ചൽ |
| വിദ്യാഭ്യാസ ജില്ല | : | പുനലൂർ |
| റവന്യൂ ജില്ല | : | കൊല്ലം |
| ബി.ആർ.സി | : | അഞ്ചൽ |
| സി.ആർ.സി | : | അലയമൺ |
| ഗ്രാമപഞ്ചായത്ത് | : | അലയമൺ (2-ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : | അഞ്ചൽ |
| ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| നിയമസഭാ മണ്ഡലം | : | ചടയമംഗലം |
| ലോകസഭാ മണ്ഡലം | : | കൊല്ലം |
| താലൂക്ക് | : | പുനലൂർ |
| വില്ലേജ് | : | അലയമൺ |
| ഇ.മെയിൽ വിലാസം | : | alayamonmtups@gmail.com |
| Facebook | : | Mtups School Alayamon |

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാകുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

5. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്കും ഉറപ്പു വരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവൽക്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും.

8. 5 മുതൽ 7 വരെ ക്ലാസ്സിലുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. ആശയപ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായതരത്തിൽ വിദ്യാലയപ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

10. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

11. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

## അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| ● അക്കാദമിക പ്രവർത്തനങ്ങൾ മികച്ചരീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>● കഴിഞ്ഞ അഞ്ചുവർഷമായി തുടർച്ചയായ എല്ലാ വർഷവും കുട്ടികളുടെ എണ്ണത്തിൽ വർദ്ധന.<br>● മികച്ച ലൈബ്രറി സൗകര്യം<br>● ഓരോ കുട്ടിയുടേയും കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>● സർഗ്ഗാത്മകവേദികൾ, ആശയ പ്രകടന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>● പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | ● മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>● മികച്ച ലൈബ്രറി സംവിധാനം ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരം ഇല്ല. സയൻസ് ലാബ് പ്രവർത്തനം കൂടുതൽ മെച്ചപ്പെടാനുണ്ട്.<br>● വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നു എങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.<br>● മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതു വിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. .<br>● ഐ.റ്റി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ഒരുക്കാനായിട്ടില്ല.<br>● കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>● IED കുട്ടികളുടെ പഠനപിന്തുണ സംവിധാനം |

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആയുധ സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. നാടകീകരണം.
7. കവിതാലാപനം.
8. സംവദ സദസ്സുകൾ/ സംഭാഷണം.

## ഹിന്ദി

1. ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വർദ്ധിപ്പിക്കുക.
2. ഹിന്ദിയിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സംവാദത്തിന് തയ്യാറാക്കുക.
5. തിയേറ്ററുകൾ
6. കവിതാസ്വാദനം

## ശാസ്ത്രം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൽ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹ്യശാസ്ത്രം

1. ജനാധിപത്യ വേദികൾ ഒരുക്കുക.

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4. ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ ചർച്ചകൾ, സംവാദങ്ങൽ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.

5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ടൈപ്പിംഗ് പ്രാവീണ്യം ഉറപ്പാക്കൽ.

## പ്രവർത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. ലോകോത്തര ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷാ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷിവർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠനനേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5. ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## യു.പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന പിന്തുണ ഉറപ്പ് വരുത്തുക | * ചിത്രീകരണം, പ്രകൃതിയെ പാഠമാക്കൽ, അക്ഷരത്തിലും, വാക്കിലും വാക്യത്തിലും (ഉച്ചാരണത്തിലും എഴുത്തിലും) ഒരേ സമയം പ്രാധാന്യം നൽകുക | ജൂൺ-ജൂലൈ | മലയാളം അധ്യാപകൻ | |
| 2. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയങ്ങൾ പരസ്പരം കൈമാറാൻ പഠിതാക്കളെ പ്രാപ്തരാക്കുക | * കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ അവതരിപ്പിക്കുന്നു. (കഥ, അനുഭവക്കുറിപ്പ്, യാത്രാനുഭവം) | ജൂൺ | മലയാളം അധ്യാപകൻ | |
| 3. പഠിതാക്കളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | * പത്രം, ആഴ്ചപ്പതിപ്പ് എന്നിവ പഠിതാക്കൾ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | ക്ലാസ് ലീഡർ, മലയാളം അധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## യു.പി ഇംഗ്ലീഷ്

### പ്രവർത്തനം – 1

പേര് : ഇംഗ്ലീഷിൽ കത്തെഴുതൽ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഇംഗ്ലീഷിലുള്ള ആശയവിനിമയം മെച്ചപ്പെടുത്തുന്നതിന് | * ഓരോ മാസത്തെയും വിശേഷങ്ങൾ പങ്കുവച്ച് സഹപാഠികൾക്ക്, സുഹൃത്തുക്കൾക്ക് കത്തെഴുതുന്ന | മാസത്തിൽ ഒന്ന് | സി.ടി<br>ഇ.ടി<br>സി.ഇ | |

### പ്രവർത്തനം – 2

പേര് : STEPS

| | | | | |
|---|---|---|---|---|
| * ഭാഷയിൽ പ്രാവീണ്യം നേടുന്നതിന്, മികച്ച ഭാഷാശേഷി കൈവരിക്കുന്നതിന് | * ഇംഗ്ലീഷ് ഗ്രാമർ, സ്പോക്കൺ ഇംഗ്ലീഷ് എന്നിവയിൽ പ്രാവീണ്യം നേടുന്നതിന് പ്രത്യേക ക്ലാസുകൾ നൽകൽ | മാസത്തിൽ ഒന്ന് | S.R.G<br>ഇ.സി | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## യു.പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | * തന്റെ ചുറ്റുപാടിലെ സസ്യങ്ങൾ അവയുടെ പ്രത്യേകതകൾ എന്നിവ തിരിച്ചറിയുന്നതിന് സഹായകമാവുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ<br>* ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ജൈവവേലി എന്നിവയുടെ നിർമ്മാണം | ജൂൺ- ആഗസ്റ്റ് | ശാസ്ത്ര അദ്ധ്യാപകൻ | പി.ടി.എ |
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് ആർജ്ജിക്കുക | * ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങൾ കണ്ടെത്തുകയും ചർച്ച ചെയ്യുകയും ചെയ്യുന്നു.<br>* നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ക്ലാസ്സുകൾ ആരംഭിക്കുന്നു.<br>* പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു.<br>* പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകൻ | രക്ഷിതാക്കൾ |
| 3. ശാസ്ത്ര താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വിസസിപ്പിക്കുക | * പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിലുള്ള പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ശാസ്ത്ര അദ്ധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | * കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ,....... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അദ്ധ്യാപകൻ | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | * ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രശ്നം സംഘടിപ്പിക്കുന്നു. | ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകൻ | |
| 3. ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | * ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |
| 4. ഗണിത മേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കൽ | * ഗണിതത്തിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരെ (മറ്റ് വിദ്യാലയങ്ങളെയും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താത്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അദ്ധ്യാപകർ, ക്ലബ്ബ് ലീഡർമാർ | PTA |

അക്കാദമിക മാസ്റ്റർ പ്ലാൻ

# എം ടി യു.പി.എസ് അലയമൺ
# ടീച്ചർ- അഭിലാഷ് .ആർ( സംസ്കൃതം)

**മേഖല – അക്കാദമികം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല യളവ് | നിർവഹണ ചുമതല | സാമ്പ ത്തികം | റിമാർ ക്ക് |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ജൂൺ - ഫെബ്രുവരി. | സംസ്കൃതം അദ്ധ്യാപകൻ | | |
| 2 | അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | പതിപ്പുകൾ മാഗസിനുകൾ സംസ്കൃതദിനാചരണം, സചിത്രപുസ്തകം, കഥാരചന. | ജൂലൈ - സെപ്തംബർ | സ്കൂൾ സംസ്കൃതം കൗൺസിൽ | | |
| 3 | കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | വസ്തുക്കൾ പട്ടികപ്പെടുത്തുക. ICT ഉപയോഗിച്ച് പേരുകൾ മനസിലാക്കുക. പറയുക എഴുതുക. സ്കൂൾ സചിത്രപുസ്തകം. | ജൂൺ - ഫെബ്രുവരി | സംസ്കൃതം അദ്ധ്യാപകൻ | | |
| 4 | എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പാക്കുക | കഥകൾ മുതലായവ വായിച്ച് ആശയം മനസിലാക്കുന്നു. ചോദ്യങ്ങളോട് പ്രതികരിക്കുന്നു. സാഹിത്യശാഖകളെ പരിചയപ്പെടൽ | ജൂൺ - ഫെബ്രുവരി | സ്കൂൾ സംസ്കൃതം കൗൺസിൽ | | |

#. **സംസ്കൃതം ലൈബ്രറി**

സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്രഗ്രന്ഥങ്ങൾ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറി നിർമ്മാണം.

#. **സംസ്കൃതദിനാചരണം**

വിവിധ കലാപരിപാടികളോടെ സമുചിതമായി ആചരിക്കൽ.

#. **സംസ്കൃത അസംബ്ലി**

വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

#. **സംസ്കൃതസംഭാഷണശിബിരം**

സംഭാഷണപാടവം മെച്ചപ്പെടുത്തുന്നതിനായി സംഭാഷണശിബിരം സംഘടിപ്പിക്കൽ.

# അറബിക്

പ്രവർത്തനം 1

പേര് : വായനാവസന്തം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക. | • വായനമത്സരം<br>• ക്ലാസ് ലൈബ്രറി<br>• വായന കുറിപ്പുകൾ<br>• തുടർവായന<br>• അറബിക് പത്രവായന | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ടീച്ചർ | 1000 |

## ഉറുദു

**പ്രവർത്തനം 1**

**പദ്ധതി** : പ്യാരി ഉർദു നിഘണ്ടു നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും ഉർദു ഭാഷൈകൈകാര്യം ചെയ്യാൻ പ്രാപ്തമാക്കുക | എല്ലാ കുട്ടികളും സ്വന്തമായി നിർമ്മിക്കുന്ന നിഘണ്ടു. ഇഷ്ടപ്പെട്ട വാക്കുകൾ കൊണ്ട് കഥ, കവിത നിർമ്മിക്കൽ. | 6 മാസം | ഉറുദു അധ്യാപകർ | 500 |

**പ്രവർത്തനം 2**

**പദ്ധതി** : ആസാനി ലിഖിയേ, മേരി കിതാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ എഴുത്തിനെ പ്രോത്സാഹിപ്പിക്കുക, ചെറിയ കവിതകൾ, കഥകൾ എഴുതാൻ തയ്യാറാക്കുക. | അക്ഷരങ്ങൾ യോജിപ്പിച്ച് വാക്കുകൾ നിർമ്മിക്കുക. വാക്കുകൾ കൊണ്ട് വ്യവഹാര രൂപങ്ങൾ നിർമ്മിക്കുക. | 6 മാസം | ഉറുദു അധ്യാപകർ | 200 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## യു.പി സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | * **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്ന പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | |
| | * **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ ഇടങ്ങിയ അടിസ്ഥാന വിവരങ്ങളെക്കുറിച്ച് Memory test നടത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | * **Virtual Field Trip**<br>ITC സാദ്ധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | |